**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4430** **19-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ എന്നും അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ വൈദ്യുതി വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബിയുമായി സഹകരിച്ച് വൈദ്യുതീകരണം സാധ്യമാകുന്ന എല്ലാ പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കണക്ക് പ്രകാരം ഇനി 64 കോളനികളാണ് വൈദ്യുതീകരിക്കാനുള്ളത്. വൈദ്യുതീകരിക്കാൻ ശേഷിക്കുന്ന കോളനികളിൽ ഏറിയ പങ്കും അതീവ ദുർഘട പ്രദേശങ്ങളിലായതിനാൽ വൈദ്യുതീകരിക്കുവാൻ പ്രയാസമുള്ളതും, വനാവകാശ നിയമ പ്രകാരം വനം വകുപ്പിന്റെ അനുമതി ലഭ്യമല്ലാത്തതുമായ കോളനികളെ കണ്ടെത്തി കെ.എസ്.ഇ.ബി ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സോളാർ/വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | വൈദ്യുതിയുള്ള മേഖലകളിലും കേബിൾ നെറ്റ്‌വർക്ക് /മൊബൈൽ ടവറുകളുടെ അഭാവം മൂലം ഇന്റർനെറ്റ് സേവനം ലഭ്യമാകാത്തതും, ഡിജിറ്റൽ പഠനം തടസ്സപ്പെടുന്നത് മൂലം മേഖലകളിലെ പല വിദ്യാർത്ഥികളും വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പുകൾ പഠനാവശ്യത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുണ്ട്.<br><br>നെറ്റ് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ബി.എസ്.എൻ.എൽ മുഖേന എസ്റ്റിമേറ്റ് ലഭ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ 1006 കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 6.14 കോടി രൂപ ചെലവഴിച്ച് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇടമലക്കുടിയിൽ മാത്രം 4.31 കോടി രൂപയാണ് കണക്ടിവിറ്റി നൽകുന്നതിനായി ഈ സർക്കാർ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നത്. ശേഷിക്കുന്ന കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നതിന്റെ പുരോഗതി ഐ.റ്റി മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും, വകുപ്പിന്റെ ഉദ്യോഗസ്ഥരും സംയുക്തമായി ഉറപ്പ് വരുത്തുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ